(സി) മേൽ പദ്ധതിക്കായി 26.89 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ആറ് കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

44 (3197) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 സപ്തംബർ 30-ന് പി.എസ്.സി പുറത്തിറക്കിയ കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) 2010-ൽ നിയമനം കിട്ടിയ വർക്കർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കിട്ടിയവർ ഒഴികെയുള്ളവരെ പ്രൊമോഷൻ വഴി വരുന്ന ഒഴിവുകളിലേക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 222 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) 2010-ൽ നിയമനം കിട്ടിയ ധാരാളം ഇലക്ട്രിസിറ്റി വർക്കർമാർക്ക് ലൈൻമാനായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവുവരുന്നമുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

കൊയിലാണ്ടി നഗരത്തിൽ വോൾട്ടേജ് വ്യതിയാനവും പവർകട്ടും

45 (3198) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ പകൽ സമയങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വ്യതിയാനവും പവർകട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നഗരത്തിലെ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly